(സി) തിരുവനന്തപുരം നഗരത്തെ സംബന്ധിക്കുന്ന തീരപഥം പദ്ധതി തയ്യാറാക്കുന്നത് ഏത് ഘട്ടത്തിലിരിക്കുന്നു ;

(ഡി) പ്രസ്തുത പദ്ധതിയുടെ കരടിൽ വിഭാവന ചെയ്തിട്ടുള്ളത് എന്തെല്ലാം കാര്യങ്ങളാണെന്ന് പറയുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള)

(എ&ബി) തീരപഥം പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് ലീ അസോസിയേറ്റ്സ്, സൗത്ത് ഏഷ്യാ പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി എന്ന ഏഷ്യാ പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി എന്ന സ്ഥാപനവുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും മറ്റ് വ്യവസ്ഥകളിൽ തീരുമാനമാകാത്തതിനാൽ കൺസൾട്ടൻസിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) 26-06-2000-ലെ ജി.ഒ. (എം.എസ്) 181/00 തസ്വഭവ ഉത്തരവുപ്രകാരം നയപരമായ തീരുമാനം എടുക്കയും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ പണം സ്വരൂപിക്കുന്നതിന് ഒരു ട്രസ്റ്റ് രൂപീകരിക്കുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 5 ഏക്കർ അർജൻസി ക്ലാസ്സിൽപ്പെടുത്തിയും 45 ഏക്കർ അല്ലാതെയും അക്വയർ ചെയ്യാൻ തീരുമാനിച്ചു. 1120-ലെ ട്രാവൻകൂർ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമപ്രകാരം പദ്ധതി പ്രദേശം നിയന്ത്രിതപ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതിക്ക് വിദേശസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും തുടർന്നു വരുന്നു. തലസ്ഥാന വികസനത്തിന്റെ ഭാഗമായി തീരപഥം പദ്ധതി നടപ്പാക്കുന്ന കാര്യവും ആലോചിച്ചു വരുന്നു.

(ഡി) കേരളത്തിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളായ വേളി, ആക്കുളം പ്രദേശവും കോവളവും തമ്മിൽ ബന്ധിപ്പിക്കുന്ന മനുഷ്യനിർമ്മിതമായ പാർവതി പുത്തനാറിന്റെ 16.5 കി.മീ നീളം വരുന്ന പ്രദേശത്തെ കനാൽ വൃത്തിയാക്കി ഉല്ലാസ ബോട്ടുയാത്ര ഏർപ്പെടുത്തുവാനും കനാലിന്റെ ഇരുകരകളിലും 50 മീറ്റർ വീതിയിൽ പൂന്തോട്ടവും അതിലൂടെ 16.5 കി.മീ നീളത്തിൽ ഒരു നടപ്പാതയും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, ഡോർമിറ്ററികൾ, ചില്ലറ വിൽപ്പനശാലകൾ, ലോഡ്ജുകൾ ഉൾപ്പെടുന്ന വാണിജ്യപരമായ പ്രവർത്തനങ്ങൾ, ആവിഷ്ക്കാര കലകൾക്കുള്ള കേന്ദ്രം, ഗ്യാലറി, ഓപ്പൺ എയർ തീയേറ്റർ എന്നിവ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തുകളിലെ ദുരിതാശ്വാസ നിധികൾ

14 (*662) ശ്രീ. ബിനോയ് വിശ്വം :

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധികൾ രൂപീകരിക്കുന്നതിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിധിയുടെ രൂപീകരണവും വിനിയോഗവും സംബന്ധിച്ചുള്ള മാർഗ്ഗരേഖ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള)

(എ) ഉണ്ട്.

(ബി) 22-2-2003-ലെ ജി.ഒ (പി) നമ്പർ 51/2003/തസ്വഭവ നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ച 2003-ലെ കേരള പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ ഇതു സംബന്ധിച്ച മാർഗ്ഗരേഖ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കാൻ നടപടി

15 (*663) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതകളിൽ നടക്കുന്ന വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്ക് പറ്റുന്നവർക്ക് അടിയന്തിര ചികിത്സ ലഭിക്കാത്തതുമൂലം മരണസംഖ്യ വർദ്ധിച്ചുവരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേശീയ പാതയോടുചേർന്ന് സ്ഥിതിചെയ്യുന്ന ഒട്ടുമിക്ക ആശുപത്രികളിലും അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തിര ചികിത്സ ലഭിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പ്രശ്നം പരിഹരിക്കുന്നതിനായി എന്തെങ്കിലും സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ദേശീയ പാതയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ആശുപത്രികളിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ)

(എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ലഭ്യമായ കണക്കുകൾ കാണിക്കുന്നത് വാഹനാപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നു എന്നല്ല.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-I

[നക്ഷത്രചിഹ്നമിട്ട 14 (*662) ചോദ്യംനമ്പർ ദയവായി കാണുക]

വിജ്ഞാപനം

ജി.ഒ. (പി) നമ്പർ 51/2003/തസ്വഭവ.

തിരുവനന്തപുരം, 2003 ഫെബ്രുവരി 22.

എസ്. ആർ. ഒ. നമ്പർ 162/2003.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) 166-ാം വകുപ്പും 177-ാം വകുപ്പും 254-ാം വകുപ്പിനോട് കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു അതായത് : —

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—

(1) ഈ ചട്ടങ്ങൾക്ക് 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ എന്നു പേർ പറയാം.

(2) ഇവ ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— (1) ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.

(എ) 'ആക്റ്റ്' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) എന്ന് അർത്ഥമാകുന്നു ;

(ബി) 'പ്രസിഡന്റ്' എന്നാൽ ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് എന്ന് അർത്ഥമാകുന്നു ;

(സി) 'സെക്രട്ടറി' എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(ഡി) 'നിധി' എന്നാൽ ഈ ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം രൂപീകരിക്കുന്ന ദുരിതാശ്വാസ നിധി എന്നർത്ഥമാകുന്നു ;

(ഇ) 'സബ് കമ്മിറ്റി' എന്നാൽ ഈ ചട്ടങ്ങളിലെ 4-ാം ചട്ടം (2)-ാം ഉപചട്ടപ്രകാരം രൂപീകരിക്കുന്ന ഒരു സബ് കമ്മിറ്റി എന്നർത്ഥമാകുന്നു ;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്കു നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

3. നിധി രൂപീകരണം.—

(1) പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയംമൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി എന്നറിയപ്പെടുന്നതുമാണ്.

(2) ധനശേഖരണാർത്ഥമുള്ള കല-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതുമാണ്.

എന്നാൽ, അപ്രകാരം ധനം സ്വരൂപിക്കുന്നതിന് യാതൊരു വിധത്തിലുള്ള നിർബന്ധങ്ങൾ ചെലുത്തുകയോ, സമ്മർദ്ദങ്ങൾ പ്രയോഗിക്കുകയോ പ്രലോഭനങ്ങളോ വാഗ്ദാനങ്ങളോ നൽകുകയോ, ഏതെങ്കിലും അധികാര ദുർവിനിയോഗം ചെയ്യുകയോ, ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഏതെങ്കിലും വരുമാനം ഇല്ലാതാക്കുകയോ, ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് കോട്ടം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

(3) നിധിയിലേക്ക് ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും ഫണ്ടിൽ നിന്നോ സർക്കാരിൽനിന്ന് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഏതെങ്കിലും ഗ്രാന്റിൽനിന്നോ തുക കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.

(4) നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണ ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിച്ച് പോരേണ്ടതാണ്.

(5) നിധിയിലേക്ക് നൽകുന്ന സംഭാവനകൾക്ക് സെക്രട്ടറി അല്ലെങ്കിൽ പഞ്ചായത്ത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒപ്പിട്ട രസീത് നൽകേണ്ടതും അത് അച്ചടിച്ച ഫാറത്തിൽ ആയിരിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. നിധിയുടെ വിനിയോഗം.—

(1) 3-ാം ചട്ടപ്രകാരം രൂപീകരിക്കുന്ന നിധിയിൽ നിന്ന് അതതു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ഒരു വ്യക്തിക്ക് അല്ലെങ്കിൽ അയാളുടെ കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ്.

(2) നിധിയിൽ നിന്ന് ധനസഹായം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് അപേക്ഷ നൽകേണ്ടതാണ്.

(3) നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി പ്രസിഡന്റും ഗ്രാമപഞ്ചായത്തംഗങ്ങൾ തങ്ങൾക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരംഗവും സെക്രട്ടറിയും അടങ്ങുന്ന, പഞ്ചായത്തിന്റെ ഒരു സബ്കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും പ്രസിഡന്റ് പ്രസ്തുത സബ് കമ്മിറ്റിയുടെ ചെയർമാനും, സെക്രട്ടറി കൺവീനറുമായിരിക്കുന്നതുമാണ്.

(4) ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൻമേൽ ആവശ്യമായ അന്വേഷണം നടത്തുന്നതിന് സബ് കമ്മിറ്റിക്ക് ഗ്രാമപഞ്ചായത്തംഗങ്ങളുടെയോ പഞ്ചായത്തിന്റെ ഉദ്യോഗസ്ഥന്മാരുടെയോ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

(5) സന്ദർഭം ആവശ്യപ്പെടുന്നപക്ഷം അടിയന്തിര ഘട്ടങ്ങളിൽ ഒരു അപേക്ഷയുടെ അഭാവത്തിൽ തന്നെ പ്രസിഡന്റിന്, അർഹനായ ഒരു വ്യക്തിക്ക് അല്ലെങ്കിൽ കുടുംബത്തിന് 500 രൂപ വരെ നിധിയിൽ നിന്ന് ധനസഹായം നൽകാവുന്നതാണ്.

എന്നാൽ അപ്രകാരം ധനസഹായം നൽകിയ നടപടിക്ക് ഒരു മാസത്തിനുള്ളിൽ (3)-ാം ഉപചട്ടപ്രകാരം രൂപീകരിച്ച സബ് കമ്മിറ്റിയുടെ സാധൂകരണം വാങ്ങേണ്ടതാണ്.

(6) നിധിയിൽ നിന്ന് ധനസഹായം നൽകാൻ തീരുമാനിക്കുന്നതിന് മുമ്പ് അപേക്ഷകന് മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് ലഭിച്ച, അല്ലെങ്കിൽ ലഭിക്കാവുന്ന ധനസഹായത്തെപ്പറ്റി പ്രസിഡന്റ് അല്ലെങ്കിൽ സബ് കമ്മിറ്റി പരിഗണിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(7) അതതു സംഗതിപോലെ സബ് കമ്മിറ്റിയുടെ അല്ലെങ്കിൽ പ്രസിഡന്റിന്റെ ഉത്തരവുപ്രകാരം സെക്രട്ടറി നിധിയിൽനിന്ന് തുക പിൻവലിച്ച് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യേണ്ടതാണ്.

5. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.—

(1) നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ സൂക്ഷിച്ച് പോരേണ്ടതാണ്.

(2) നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം, അനുവദിക്കപ്പെട്ട ധന സഹായം എന്നിവ രേഖപ്പെടുത്തുവാൻ ഒരു രജിസ്റ്ററും സബ് കമ്മിറ്റിയുടെ യോഗനടപടികളുടെ മിനിട്ട്സ് രേഖപ്പെടുത്തുവാൻ ഒരു മിനിട്ട്സ് പുസ്തകവും സൂക്ഷിച്ചുപോരേണ്ടതാണ്.

(3) നിധിയുമായി ബന്ധപ്പെട്ട രസീത് ബുക്ക്, ബാങ്ക് പാസ്സ്ബുക്ക്, രജിസ്റ്ററുകൾ, അപേക്ഷകൾ, അന്വേഷണ റിപ്പോർട്ടുകൾ എന്നിവ സെക്രട്ടറിയുടെ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതാണ്.

(4) രസീതിന്റെ മാതൃക, ക്യാഷ് ബുക്കിന്റെ മാതൃക, കണക്കുകൾ സൂക്ഷിച്ചുപോരുന്ന രീതി എന്നിവ സർക്കാർ അതതു സമയം നിർദ്ദേശിക്കുന്ന പ്രകാരമായിരിക്കേണ്ടതാണ്.

6. കണക്കുകളുടെ പരിശോധന.—

(1) നിധിയെ സംബന്ധിച്ച എല്ലാ വരവുചെലവു കടക്കുകളും (നിധിയിലേക്ക് സംഭാവന നൽകിയവരുടെയും, നിധിയിൽ നിന്ന് ധനസഹായം ലഭിച്ചവരുടെയും പേരുകൾ ഉൾപ്പെടെ) സെക്രട്ടറി മാസാമാസം ഗ്രാമപഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

(2) നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ കാലാകാലങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ മറ്റ് വരവു ചെലവുകളുടെ കാര്യത്തിലെന്നപോലെ അതേ രീതിയിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

7. വിവരങ്ങൾ പരസ്യപ്പെടുത്തൽ.—

നിധിയിൽ നിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നൽകിയവരുടെയും പേരുവിവരങ്ങളും തുകയും മറ്റു കണക്കുകളും യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ അതതു സംഗതിപോലെ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

പി. കമാൽകുട്ടി,

ഗവൺമെന്റ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതം അനുഭവിക്കുന്നവർക്ക് അടിയന്തിര സന്ദർഭങ്ങളിൽ ധനസഹായമെത്തിക്കുന്നതിന് വേണ്ടി ഓരോ ഗ്രാമപഞ്ചായത്തിലും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കുന്നത് നല്ലതായിരിക്കുമെന്ന് സർക്കാർ കരുതുന്നു. ഇപ്രകാരമുള്ള ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കുന്നതിനും ദുരിതാശ്വാസ നിധിയിൽ നിന്ന് അർഹരായവർക്ക് ധനസഹായം നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ചുകൊണ്ട്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166, 177, 254 എന്നീ വകുപ്പുകൾ പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ഈ ലക്ഷ്യം നിറവേറുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

LIBRARY ARCHIVES Kerala Legislative Assembly